പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3086

28.01.2014 ൽ മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ കടത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ്:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) എഫ്.സി.ഐ.യിൽ നിന്നും റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു, റേഷൻ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കുന്നു. പൊതുവിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷൻ സാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, എഫ്.സി.ഐ.യിൽനിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേക്കുള്ള നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയ എസ്.എം.എസ്. അലർട്ട് സംവിധാനമായ FMPDS (Food grain Movement for effective Public Distribution System) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ഭക്ഷ്യസാധനങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുമ്പോൾതന്നെ എസ്.എം.എസ്.വഴി ഇനം, |

| | | | |
|---|---|---|---|
| | | | വിട്ടെടുത്ത തീയതി, സമയം, ട്രക്ക്നമ്പർ തുടങ്ങിയവ ലഭിക്കുന്നു. ഇവയെല്ലാം തന്നെ റേഷൻ സാധനങ്ങളുടെ കടത്ത് തടയുന്നതിന് സഹായിക്കുന്നു. |
| (ബി) | റേഷൻ കടകളിൽ നിന്ന് ഗുണഭോക്താക്കൾ കൈപ്പറ്റാത്ത ഭക്ഷ്യവസ്തുക്കൾ മറിച്ചു വില്ക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തു സംവിധാനമാണ് നിലവിൽ ഉള്ളത്; | (ബി) | റേഷൻ കടകളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും റേഷൻ കടകളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിക്കുകയും ക്രമക്കേടുകൾ ഇല്ല എന്നുറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ ഓരോ മാസത്തെയും വിതരണം സംബന്ധിച്ച വിവരങ്ങളും നീക്കിയിരിപ്പും റേഷനിംഗ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്നു. കൂടാതെ 'End to end computerization' പദ്ധതി നിലവിൽ വരുന്നതോടെ റേഷൻ സാധനങ്ങളുടെ മറിച്ചുവില്പന തടയുന്നതിനും സാധനങ്ങൾ ഉപഭോക്താക്കൾക്ക് കൃത്യമായും അർഹമായ അളവിലും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും കഴിയും. |
| (സി) | റേഷൻ കടകളിലെ സ്റ്റോക്ക് രജിസ്റ്ററും ഉപഭോക്താക്കളുടെ കാർഡുകളും നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിനും തിരിമറി നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടി സ്വീകരിക്കുമോ? | (സി) | റേഷൻ വിഹിതം ഉപഭോക്താക്കൾക്ക് കൃത്യമായും അർഹമായ അളവിലും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി താലൂക്ക് സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ റേഷൻ കാർഡുകൾ പരിശോധിച്ച് അവ റേഷൻകടകളിലെ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്രിമം നടത്തുന്ന കേസുകളിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ